കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മണലൂർ ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1717/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020.
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി:30/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മണലൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.2)1717/2017 തീയതി: 30/11/17

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29-11-2016 മുതൽ 16-10-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 01-04-2016 മുതൽ 31-03-2017 തിയ്യതി വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-10-2017 മുതൽ 24-10-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1) ശ്രീ.എം.എൽ.ആഗസ്റ്റിൻ, ഓഡിറ്റ് ഓഫീസർ<br>2) ശ്രീ.ജോമോൻ.ഇ.ജെ., |

| | |
|---|---|
| | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>3) ശ്രീ.സുനിൽ.പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>4) ശ്രീ.സ്റ്റാൻലി.പി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സീത ഗണേഷ്<br>01-04-2016 മുതൽ 31-03-2017 വരെ | |
| സെക്രട്ടറി | ശ്രീമതി.എം.വിജയലക്ഷ്മി | 01-04-2016 മുതൽ 31-03-17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.ദിവ്യ.പി.പി. | 01-04-2016 മുതൽ 31-03-17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സമീർ.എം.എം. | 01-04-2016 മുതൽ 31-08-2016 വരെ |
| | 01-09-16 – 04-09-16 ലഭ്യമായിട്ടില്ല | |
| | ശ്രീ.ഇക്ബാൽ.പി.എ. | 05-09-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.റാണ.എം.എസ്. | 01-04-2016 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.രവീന്ദ്രൻ | 01-04-2016 മുതൽ 05-08-2016 വരെ |

| | | |
|---|---|---|
| | ഡോ.ഷംല പടിയത്ത് | 06-08-2016 മുതൽ 31-03-17 വരെ |
| വെറ്ററിനറി സർജൻ | ഡോ. സിൻസി ജോസഫ് | 01-04-2016 മുതൽ 31-03-17 വരെ |
| പ്രധാനാദ്ധ്യാപിക, പി.ജെ.എം.എസ്.ജി.എൽ.പി.എസ്., കണ്ടശ്ശാംകടവ് | ശ്രീമതി.ഷെർലി.ടി.സി. | 01-04-2016 മുതൽ 31-03-17 വരെ |
| വി.ഇ.ഒ., മണലൂർ സർക്കിൾ | ശ്രീമതി.ബിനി.കെ.ആർ. | 01-04-2016 മുതൽ 31-03-17 വരെ |
| വി.ഇ.ഒ., കാഞ്ഞാണി സർക്കിൾ | ശ്രീമതി.ഷിജി.കെ.യു. | 01-04-2016 മുതൽ 31-03-17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഷീജ.പി.ജെ. | 01-04-2016 മുതൽ 31-03-17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സത്യൻ.ടി. | 01-04-2016 മുതൽ 31-03-17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മഞ്ജു.ബി. | 01-04-2016 മുതൽ 31-03-17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ വീഴ്ചകൾ | 2-1 |
| 13 | കെട്ടിട നിർമ്മാണം ക്രമവത്ക്കരിയ്ക്കുന്നതിന് നിയമാനുസൃത ഫീസ് ഈടാക്കുന്നില്ല | 2-2 |
| 14 | ടെണ്ടർ വിൽപ്പന- ഇ-ടെണ്ടർ ഫീ, വാറ്റ്- പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല | 2-3 |
| | ഭാഗം-3 | |
| 15 | പൊതുടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-1 |
| 16 | വാഹനപരിപാലനം അപാകതകൾ | 3-2 |
| 17 | തെങ്ങുകൃഷിക്ക് രാസവളം വിതരണം ചെയ്യുക എന്ന പദ്ധതി – അപാകതകൾ | 3-3 |
| 18 | നെൽവിത്ത് വിതരണം - ഗുണനിലവാരവും കുറഞ്ഞ വിലയും ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-4 |
| 19 | തെരുവുവിളക്കുകളുടെ എ.എം.സി. സി.എഫ്.എൽ.കളുടെ പുനസ്ഥാപനം, ട്യൂബ് മാറ്റൽ - പ്രവൃത്തി പരിശോധിക്കാതെ ചെലവ് നടത്തി | 3-5 |
| 20 | ആദ്യ ടെണ്ടർ ഉപയോഗപ്പെടുത്തിയില്ല. സ്ഥാപനത്തിന് ഒഴിവാക്കാമായിരുന്ന നഷ്ടം | 3-6 |

| | | |
|---|---|---|
| | രൂപ 9800/- | |
| 21 | പ്രവർത്തി പൂർത്തീകരണം അനുവദനീയമായ കാലത്തിനുശേഷം: ദീർഘീകരണ കാലത്തെ പിഴ ഈടാക്കിയിട്ടില്ല | 3-7 |
| 22 | റോഡ് നിർമ്മാണ പ്രവൃത്തി ഭാഗികമായി അവസാനിപ്പിച്ചു | 3-8 |
| 23 | ടാറിന്റെ വിലയിലെ ഏറ്റക്കുറച്ചിൽ - പെട്രോളിയം കമ്പനിയിൽ അധികം അടച്ച തുക 34454/- തിരിച്ചുപിടിക്കേണ്ടതാണ് | 3-9 |
| 24 | മരാമത്ത് പ്രവർത്തികൾക്ക് വേണ്ടിയുള്ള മോണിറ്ററിങ്ങ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല | 3-10 |
| 25 | സാക്ഷരത പ്രേരക് ഓണറേറിയം: സാക്ഷരത മിഷനിൽ നിന്നും ലഭ്യമാക്കേണ്ട തുക തിരികെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 3-11 |
| 26 | തെരുവ് വിളക്കുകൾ - മീറ്ററിങ്ങ് സമ്പ്രദായത്തിലേക്ക് മാറ്റണം | 3-12 |
| 27 | ഡെപ്പോസിറ്റിന് നൽകിയ തുക – വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. തുക തടസ്സപ്പെട്ടുത്തുന്നു | 3-13 |
| | ഭാഗം 4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് | 4-7 |

| | | |
|---|---|---|
| | ഖണ്ഡികകളുടെ വിശദാംശം | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04-03-2016 തിയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിയ്ക്കുകയും, 29-03-2017 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുള്ളതുമാണ്. ബജറ്റ് പ്രകാരം ആകെ വരവ് 9,52,85,720/- രൂപയും ചെലവ് 10,22,99,320/- രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള വരവു ചെലവു കണക്കുകൾ യഥാർത്ഥ വരവു ചെലവു കണക്കുകളുമായി ഗണ്യമായ അന്തരം പുലർത്തുന്നുണ്ട്. ഭാവിയിൽ ബജറ്റ് വസ്തുനിഷ്ഠമായി തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 14-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 21-10-2017 |

വാർഷിക കണക്കിലെ അപാകതകൾ

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7ൽ പറഞ്ഞിരിയ്ക്കുന്നവ രേഖപെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എഴുതി പൂർത്തീകരിച്ച് കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9ൽ പറഞ്ഞിരിയ്ക്കുന്ന 350800299 ശീർഷകത്തിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന മറ്റ് ബാദ്ധ്യതകളായ ₹7,95,945 രൂപ സംബന്ധിച്ച തൃപ്തികരമായ വിശദീകരണം അറിയിച്ചിട്ടില്ലാത്തതാണ്.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ൽ താഴെ പറയുന്ന 460100199 Other Advances ശീർഷകത്തിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ₹14,565/-, 460509901 Advance to Others ശീർഷകത്തിൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന ₹2,959/- തുകകൾ ക്രമീകരിച്ചതു സംബന്ധിച്ച് വിശദീകരണം അറിയിക്കേണ്ടതാണ്.

4) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18ൽ താഴെ പറയുന്ന, 2016-17ൽ നിർവ്വഹണ ഏജൻസികളിൽ നടത്തിയ ഡെപ്പോസിറ്റുകൾ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. ആയതു സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം അറിയിച്ചിട്ടില്ലാത്തതാണ്. (ഓഡിറ്റ് എൻക്വയറി 13/ 23/10/17)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ |
|---|---|---|---|

| | | | തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | സ്ട്രീറ്റ് ടാപ്പ് സ്ഥാപിയ്ക്കുന്നതിന് ലൈൻ നീട്ടൽ | ട്രഷറി ബിൽ നം. 24/16-17<br>തിയ്യതി:24-02-17<br>ട്രഷറി ബിൽ നം. 30/16-17<br>തിയ്യതി:27-02-17 | 3,00,000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈനിന വേണ്ടി ലൈൻ നീട്ടൽ | ട്രഷറി ബിൽ നം. 29/16-17<br>തിയ്യതി:31-03-17 | 3,93,699 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈനിന വേണ്ടി ലൈൻ നീട്ടൽ | ചെക്ക് നമ്പർ: 686149<br>തിയ്യതി:27-10-16 | 33320 |
| പി.ഡബ്ള്യ.ഡി. ഇലക്ട്രോണിക്സ്, ചെമ്പൂക്കാവ് | ഖര മാലിന്യ സംസ്കരണം | ട്രഷറി ബിൽ നം. 05/16-17<br>തിയ്യതി:31-08-16 | 166000 |

5) വസ്തുനികുതി അരിയർ ഡിമാന്റ്, പരിശോധനയ്ക്കായി ഹാജരാക്കിയ ഡി.സി.ബി.യുമായി കഴിഞ്ഞ വർഷത്തെ വാർഷിക കണക്ക് പൊരുത്തപ്പെടുന്നില്ല.

6) നാളിതുവരെയുള്ള ആസ്തി ബാദ്ധ്യത കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2016-17-ലെ ഓഡിറ്റ് സാക്ഷ്യപത്രം, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് & പെയ്മെന്റ് പത്രിക, ബാലൻസ്ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,61,06,142.70 |
| വരവ് | 5,48,11,882 |
| ആകെ | 7,09,18,024.70 |
| ചെലവ് | 5,77,20,847 |
| നീക്കിയിരിപ്പ് | 1,31,97,177.70 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | സഞ്ചിതനിധിയിലേയ്ക്ക് തിരികെ പോയ സംഖ്യ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12674207 | 12674207 | 9704340 | 2969867 | 76.57 |
| വികസനഫണ്ട് എസ്.സി.പി. | 0 | 70,66,128 | 70,66,128 | 3767421 | 3298707 | 53.32 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6984828 | 6984828 | 2833800 | 4151028 | 40.57 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3456627 | 3456627 | 1769443 | 1687184 | 51.19 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7107600 | 7107600 | 2924539 | 4183061 | 41.15 |
| ലോകബാങ്ക് സഹായം | 0 | 3217785 | 3217785 | 713868 | 2503917 | 22.19 |
| എം.എൻ.ആർ.ഇ.ജി.എസ്. | 235 | 18994125 | 18994360 | 18991623 | 2737 | 99.99 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 69763662 | 107 | 29762731 | 4 | 50 | 66.45 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 20 | 15 | 5640129 | 3515005 | 62.32 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 93 | 55 | 30956540 | 10645858 | 34.39 |
| വി.ഇ.ഒ. | 10 | 6 | 13713250 | 2342550 | 17.08 |
| കൃഷി ഓഫീസർ | 5 | 5 | 2346763 | 2228139 | 94.95 |
| മെഡിക്കൽ ഓഫീസർ, PHC | 4 | 4 | 825600 | 609595 | 73.84 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 2 | 750000 | 748500 | 99.8 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| വെറ്ററിനറി സർജൻ | 5 | 5 | 1600300 | 662800 | 41.42 |
| ഹെഡ്മാസ്റ്റർ, എൽ.പി.സ്കൂൾ കണ്ടശ്ശാംകടവ് | 3 | 3 | 1278509 | 1278509 | 100 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 3 | 3900443 | 3644831 | 93.45 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 11 | 8152128 | 3486944 | 42.77 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്കൂർ | 1 | 1 | 300000 | 300000 | 100 |
| | | | 69763662 | 29762731 | 42.66 |

# 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 3.68 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 10382457 | 10071656 | 310801 | (-)2.99 |
| നികുതിയേതര വരവുകൾ | 2691307 | 1746389 | (-)944918 | (-)35.11 |
| മറ്റു വരവുകൾ | 223834 | 1968437 | 1744603 | 779.42 |
| ആകെ | 13297598 | 13786482 | 488884 | 3.68 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 170280 | 98 |
| കർഷകതൊഴിലാളി പെൻഷൻ | 8158700 | 857 |
| വിധവാ പെൻഷൻ | 15493030 | 1240 |
| വാർദ്ധക്യകാല പെൻഷൻ | 21741635 | 2100 |
| വികലാംഗ പെൻഷൻ | 3649935 | 360 |
| അവിവാഹിത പെൻഷൻ | 1689780 | 154 |
| വിവാഹ ധനസഹായം | 300000 | 10 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-10-2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,505/- രൂപ

ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1) ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവകളിൽ അപാകതകളുണ്ട്.

2) ഒന്നരക്കോടിയിലേറെ സ്ഥിര നിക്ഷേപമുള്ളത് സ്ഥാപനത്തിന് നല്ലൊരു മുതൽക്കൂട്ടാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-10-2017 | സെപ്റ്റംബർ - 2017 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-02-2016 മുതൽ 05-03-2016 02-04-2016 മുതൽ 11-04-2016 | 2010-11 മുതൽ 2014-15 | 10-05-2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ വീഴ്ചകൾ

1) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും, 2015-16 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും, 2016-17 വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല, കുടിശ്ശികയായി വാർഷികകണക്കിലോ, ഡിമാന്റ് രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | 2016-17 വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സർവ്വ ഭാഗ്യ കുറീസ് | 3 |
| 2 | ഇൻഫോനെറ്റ് | 2 |
| 3 | നിർമ്മല ഇൻസ്റ്റിറ്റ്യൂഷൻസ് | 2 |

2) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജോലിക്കാരിൽ നിന്നും, പ്രൊഫഷണലുകളായ ഡോക്ടർമാരിൽ നിന്നും 2016-17 വർഷത്തിൽ ജീവനക്കാർക്കുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതും, കുടിശ്ശികയായി വാർഷികകണക്കിലോ, ഡിമാന്റ് രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ലാത്തതുമാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനത്തിന്റെ കെട്ടിട നമ്പർ | 2016-17 വർഷത്തിലെ D&Oരജിസ്റ്റർ പ്രകാരം ലൈസൻസ് നമ്പർ | സ്ഥാപനം സമർപ്പിച്ച അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | ജനത സിൽക്ക്സ്, കാഞ്ഞാണി | എം.പി. സൈമൺ | 5/495 | 7 | 12 |
| 2 | റോയൽ ബിരിയാണി സെന്റർ, കണ്ടശ്ശാംകടവ് | ജോവി, s/o.ദേവസ്സി തട്ടിൽ മാണി | 17/156 | 18 | 2 |
| 3 | യൂണിവേഴ്സൽ ട്രൈഡേഴ്സ് മണലൂർ | മനോജ്.കെ.ജി. കൊല്ലാറ, തളിക്കുളം | 15/607 | 23 | 12 |
| 4 | റോയ്സൺ ടിമ്പർ സോമിൽ, കാരമുക്ക് | കെ.കെ.ജോസ്, എലുവത്തിങ്കിൽ കൂറ്റക്കാരൻ, കാരമുക്ക് | 13/483 | 35 | 4 |
| 5 | ചാരുത ജ്വല്ലറി, കാഞ്ഞാണി | മുഹമ്മദ് റഷീദ്, പോക്കാക്കില്ലത്ത് വീട്, ഏനമാക്കൽ | 5/496 | 81 | 4 |
| 6 | സമഗ്ര ഡെന്റൽ കെയർ, കാഞ്ഞാണി | ഡോ.W.L. രാജു ജോസഫ്, വടക്കൻ വീട്, തൊയ്ക്കാവ് | 7/262 | 201 | - |
| 7 | അപ്സര ഗാർമെന്റ്സ് | സ്വരൂപ്.വി.എസ്. S/o.സോമനാഥൻ, വന്നേരി വീട്, കണ്ടശ്ശാംകടവ് | 16/795 | 295 | 7 |
| 8 | ഹോട്ടൽ സിംല | ബി.ആർ.ജേക്കബ്ബ്, ബ്രഹ്മകുളം, കാഞ്ഞാണി | 7/502 | 369 | 7 |
| 9 | മണലൂർ ഗ്രാമ പഞ്ചായത്തിലെ റേഷൻ കടകൾ | | | | |
| 10 | മണലൂർ ഗ്രാമ പഞ്ചായത്ത് അതിർത്തിക്കുള്ളിലെ കള്ള് ഷാപ്പുകൾ | | | | |
| 11 | ബ്രഹ്മക്കുളം സിനിമാ തിയ്യറ്റർ | | | | |
| 12 | സിംല സിനിമാ തിയ്യറ്റർ | | | | |

മേൽപ്പറഞ്ഞവരിൽ നിന്നും വരുമാനം നിർണ്ണയിച്ച് ആനുപാതികമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-2 കെട്ടിട നിർമ്മാണം ക്രമവത്ക്കരിയ്ക്കുന്നതിന് നിയമാനുസൃത ഫീസ് ഈടാക്കുന്നില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011, ചട്ടം 135(3),137(4) പ്രകാരം കെട്ടിട നിർമ്മാണം

ക്രമവത്ക്കരിയ്ക്കുന്നതിനുള്ള അപേക്ഷയിൽ, പെർമിറ്റ് ഫീസിനോടൊപ്പം, രാജിയാക്കൽ ഫീസായി, രണ്ടു മടങ്ങ് പെർമിറ്റ് ഫീസ് കൂടി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ് എന്നാൽ കെട്ടിട നിർമ്മാണം ക്രമവത്ക്കരിയ്ക്കുന്നതിനുള്ള അപേക്ഷകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 2016-17 വർഷത്തിൽ, കെട്ടിട നിർമ്മാണം ക്രമവത്ക്കരിയ്ക്കുന്നതിനുള്ള അപേക്ഷയിൽ, അപ്രകാരം തുക ഈടാക്കിയിട്ടില്ലെന്ന് കണ്ടു. ചില ഉദാഹരണങ്ങൾ താഴെ കാണിയ്ക്കുന്നു. നിയമാനുസരണമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| പേരു വിവരം | പുതിയ വീട്ടുനമ്പർ | വിസ്തീർണ്ണം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | രശീതി നമ്പർ |
|---|---|---|---|---|---|
| സൗമ്യ റോഷൻ, കരിപ്പാടത്ത് വീട്, (വാണിജ്യാവശ്യത്തിനുള്ള കെട്ടിടം) | V/490D | 213.73 ച.മീ. | 2140 | 3210 | 1161404836 തിയ്യതി:7-12-16 |
| സോണി ജേക്കബ്ബ്, മണ്ണുമ്മൽ വീട്, കണ്ടശ്ശാംകടവ് (താമസാവശ്യത്തിന്) | 16/124B | 148.19 ച.മീ. | 894 | 1334 | 1161405293 തിയ്യതി:17-12-16 |

## 2-3 ടെണ്ടർ വിൽപ്പന- ഇ-ടെണ്ടർ ഫീ, വാറ്റ് - പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല

16-17 വർഷം മരാമത്ത് പ്രവർത്തികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ ലഭിക്കേണ്ട സബ്മിഷൻ ഫീ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചതായി കാണുന്നില്ല. ആകെ ഇ- ടെണ്ടർവിളിച്ച പ്രവൃത്തികൾ 6, പങ്കെടുത്ത കരാറുകാരുടെ എണ്ണം 10. പ്രേജക്ട് അടങ്കലിന്റെ .2% വും അതിന്റെ 5% വാറ്റും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ട്രാൻസഫർ ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. വാറ്റ് ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല

പഞ്ചായത്തിൽ നിലവിലുള്ള പൊതുടാപ്പുകളുടെ കരമടവാക്കിയ ഇനത്തിൽ തൻവർഷം 16,79,568/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. നിലവിലുള്ള പൊതുടാപ്പുകളുടെ എണ്ണത്തെക്കുറിച്ച് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/ 20/10/17) ലഭ്യമാക്കിയ മറുപടി പ്രകാരം 23/8/16 തിയ്യതിയിലെ പഞ്ചായത്ത് കമ്മിറ്റി 29/2 തീരുമാന പ്രകാരം എല്ലാ പൊതുടാപ്പുകളിലും ആവശ്യത്തിന് ജലലഭ്യതയില്ലാത്ത സാഹചര്യത്തിൽ സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനമെടുക്കുകയും അതിൻ പ്രകാരം വാട്ടർ അതോറിറ്റിക്ക് 9/9/16 തിയ്യതിയിൽ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ടി പരിശോധന നടത്തിയിട്ടില്ല. തനത് ഫണ്ടിൽ നിന്ന് വലിയ തുക ഈയിനത്തിൽ ചെലവ് വരുന്ന സാഹചര്യത്തിൽ ആയത് പൂർത്തിയാക്കുന്നതിന് വേണ്ടുന്ന നടപടികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

## 3-2 വാഹനപരിപാലനം അപാകതകൾ

പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 8 AU 8475 ബൊലേറോ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വാഹനപരിപാലനത്തെ സംബന്ധിക്കുന്ന സ.ഉ.170/07 ത.സ്വ.ഭ.വ തിയ്യതി 30/6/07 പ്രകാരം വാഹനത്തിന്റെ ഉപയോഗത്തെക്കുറിച്ച് പ്രതിമാസ സംഗ്രഹം എഴുതി സൂക്ഷിക്കണം. എന്നാൽ ആയത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ വാഹനത്തിൽ ഇന്ധനം നിറക്കുന്നതും സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ലോഗ് ബുക്ക് കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.

## 3-3 തെങ്ങുകൃഷിക്ക് രാസവളം വിതരണം ചെയ്യുക എന്ന പദ്ധതി - അപാകതകൾ

മേല്പറഞ്ഞ പദ്ധതിക്കുവേണ്ടി ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതമായി 3,45,299/- രൂപയും ഗുണഭോക്തൃ വിഹിതമായി 3,45,299/- രൂപയും സഹിതം ആകെ 6,90,598/- രൂപ ചെലവഴിച്ചിട്ടുണ്ട്. മണലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കും കാരമുക്ക് സഹകരണ ബാങ്കും വഴിയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

രാസവളത്തിന്റെ വില്പന, വില, ഗുണനിലവാരം എന്നിവയെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 8/ 21/10/17 മുഖേന ആരാഞ്ഞപ്പോൾ ലഭിച്ച മറുപടിയിൽ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ II - പ്രൈസ് കൺട്രോൾ നം. 3 പ്രകാരം ഒരു ഡീലർ/മാനുഫാക്ചറർ/ഇംപോർട്ടർ പാൻ ഹാൻഡിലിംഗ് ഏജൻസിക്കോ മാക്സിമം റീടെയിൽ പ്രൈസിനു മുകളിൽ രാസവളം വിൽക്കാൻ അധികാരം ഇല്ലാത്തതാണെന്നും മേല്പറഞ്ഞ സഹകരണ സ്ഥാപനങ്ങൾക്ക് രാസവളം വിൽക്കാൻ ലൈസൻസ് ഉണ്ടെന്നും അറിയിച്ചിട്ടുണ്ട്.

രാസവളം ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വിതരണം ചെയ്തതിനെ സംബന്ധിച്ച് മേൽ സൂചന ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് നിർവ്വഹണത്തിനായി ലഭിച്ചത് ജനവരി മാസത്തിലാണെന്നും തെങ്ങുകൃഷിയിൽ ജലസേചന സൗകര്യമുണ്ടെങ്കിൽ ഏതു സമയത്തും വളപ്രയോഗം നടത്താവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച രണ്ട് വിഷയങ്ങളെ സംബന്ധിച്ചുമുള്ള കൃഷി ഓഫീസറുടെ മറുപടി വസ്തുതാപരമല്ല.

വിലയെ സംബന്ധിച്ചുള്ള മറുപടിയിൽ മാക്സിമം, റീട്ടെയിൽ പ്രൈസിനെക്കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്. എന്നാൽ പല ഏജൻസികളും തങ്ങൾ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില മാക്സിമം വിലയേക്കാൾ കുറച്ച് നൽകാറുണ്ട്. അങ്ങനെയുള്ള സാദ്ധ്യതകളെക്കുറിച്ച് പരിശോധിച്ചു കാണുന്നില്ല.

അതുപോലെ തെങ്ങിന് രാസവളം നൽകുന്ന സമയത്തെക്കുറിച്ചുള്ള മറുപടിയിൽ ജലസേചനം ഉണ്ടെങ്കിൽ ഏത് സമയത്തും വളം നൽകാമെന്നാണ്. എന്നാൽ മാർച്ച് മാസങ്ങളിൽ ജലസേചനം ചെയ്യാൻ സാധിക്കുക എന്നത് തങ്ങൾ ആഗ്രഹിക്കുന്ന അവസ്ഥ മാത്രമാണ്. അങ്ങനെ ആയിരിക്കണമെന്നില്ല. മാർച്ച് മാസങ്ങളിൽ രാസവളം വിതരണം ചെയ്യുകയും പിന്നീട് ജലസേചനം നൽകാൻ സാധിക്കാതെയുമിരുന്നാൽ തികച്ചും വിരുദ്ധമായ ഫലമായിരിക്കും പദ്ധതി മൂലം കൈവരിക.

ആയതിനാൽ രാസവളം വിതരണം ചെയ്യുക എന്ന പദ്ധതി വർഷക്കാലത്ത് തന്നെ നടത്താനുള്ള നടപടികൾ പഞ്ചായത്ത് അധികൃതരുമായി ചേർന്ന് ഉറപ്പുവരുത്തേണ്ടതുമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-4 നെൽവിത്ത് വിതരണം - ഗുണ നിലവാരവും കുറഞ്ഞ വിലയും ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

നെൽകൃഷിക്കായി വിത്ത് വിതരണം ചെയ്യുക എന്ന പദ്ധതിക്കായി ആകെ 15,56,270/- രൂപ ഈ സാമ്പത്തിക വർഷം ഈ പഞ്ചായത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ഇതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറി 7/ 21/10/17 മുഖേന ആരാഞ്ഞപ്പോൾ ലഭിച്ച മറുപടിയിൽ KSSDA, NSC എന്നീ പൊതുമേഖലാ ഏജൻസികൾ വഴിയാണ് വിത്തുകൾ വിതരണം ചെയ്തതെന്നും KSSDA മുഖേന 37170 കി.ഗ്രാം വിത്ത് കിലോയ്ക്ക് 40 രൂപ നിരക്കിലും NSC മുഖേന 5580 കി.ഗ്രാം വിത്ത് കിലോയ്ക്ക് 36.50 രൂപ നിരക്കിലും വിതരണം ചെയ്തിട്ടുണ്ടെന്നും KSSDAയുടെ നിരക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജും കയറ്റിറക്ക കൂലിയും ഉൾപ്പെടെയാണെന്നും അറിയിച്ചിട്ടുണ്ട്.

മേല്പറഞ്ഞ സ്ഥാപനങ്ങൾ ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളാണെങ്കിലും അവയുടെ നിലനില്പും പ്രവർത്തനവും സ്വതന്ത്രമായാണ്. ഒരേ സാധനം ഒന്നിലധികം ഏജൻസികൾ വിതരണം ചെയ്യുണമെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുമായി സംസാരിച്ച് വിതരണം ചെയ്യുന്ന സാധനത്തിന്റെ കുറഞ്ഞ വിലയും ഗുണ നിലവാരവും ഉറപ്പ് വരുത്തേണ്ടതും അക്കാര്യം രേഖാമൂലം ഉണ്ടായിരിക്കണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-5 തെരുവു വിളക്കുകളുടെ എം.എം.സി. സി.എഫ്.എൽ.കളുടെ പുനസ്ഥാപനം, ട്യൂബ് മാറ്റൽ -പ്രവൃത്തി പരിശോധിക്കാതെ ചെലവ് നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 615700/-

ചെലവ്-165000/-(ട്രഷറി ബിൽ നം.30/16-17 dt.31-3-17)

കരാറുകാരൻ - പ്രശാന്ത്.കെ.എസ്സ്.

കരാർ - 10A/16-17 dt.28-12-16

പ്രോജക്ട് - 78/17

തെരുവു വിളക്കുകളുടെ വാർഷിക മെയിൻറനൻസ് നടത്തുന്ന കരാറുകാരൻ പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലും ചെയ്ത പ്രവൃത്തി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തോടെ തുക അനുവദിക്കുന്നതിന് അപേക്ഷിക്കേണ്ടതാണ്. സെക്രട്ടറി ഇവ പരിശോധിച്ച് അർഹമായ തുക അനുവദിക്കേണ്ടതാണ്. എന്നാൽ തുക അനുവദിച്ചപ്പോൾ താഴെ പറയുന്ന രേഖകൾ ലഭ്യമാക്കാതെ തുക നൽകിയതായി കാണുന്നു.

(എ) റിപ്പയർ ചെയ്ത ഇനം - പോസ്റ്റ് നമ്പർ,

(ബി) സി.എഫ്.എൽ.കളുടെ പുനസ്ഥാപനം, ട്യൂബ് മാറ്റൽ,

(സി) നിരക്ക്,

(ഡി) കെ.എസ്.ഇ.ബി. സൂപ്പർവിഷൻ നടത്തിയതിന്റെ സാക്ഷ്യപത്രം

(ഇ)പർച്ചെയ്സ് ബിൽ,

(എഫ് ) റിപ്പയർചെയ്ത പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ രജിസ്റ്റർ.

(ജി)മേൽ പ്രവർത്തിയുടെ വർക്കിങ്ങ് ഗ്രൂപ്പ് നടത്തിയ മോണിറ്ററിങ്ങ്, പൂർത്തീകരണ റിപ്പോർട്ട്

മേൽ വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുക 165000/- തടസ്സപ്പെടുത്തുന്നു.

## 3-6 ആദ്യ ടെണ്ടർ ഉപയോഗപ്പെടുത്തിയില്ല - സ്ഥാപനത്തിന് ഒഴിവാക്കാമായിരുന്ന നഷ്ടം 9800/- രൂപ

16.3.17ലെ ETO/AE/LSGD E-tender നടപടി ക്രമപ്രകാരം 980000/- രൂപ അടങ്കൽ ഉള്ള 'സൂര്യ നഗർ റോഡ് വർക്ക്'' എന്ന പ്രവൃത്തിക്ക് ലഭിച്ച റീ-ഇ-ടെണ്ടറിൽ ശ്രീ.വി.ഉണ്ണികൃഷ്ണൻ എന്ന കരാറുകാരൻ സമർപ്പിച്ച സിംഗിൾ ടെണ്ടർ 10.10% കുറവിൽ അംഗീകരിച്ചിരുന്നു.

മേൽ പ്രവൃത്തിക്ക് 26-2-16ൽ ദർഘാസ് നടത്തിയതിൽ ശ്രീ.വി.ഉണ്ണികൃഷ്ണൻ എന്ന കരാറുകാരൻ 11.10% കുറവിൽ സമർപ്പിച്ച ഏക ടെണ്ടർ എന്നതിനാൽ നിരസിക്കുകയും, റി-ഇ-ടെണ്ടർ ക്ഷണിച്ചതിൽ 10.10% കുറവിൽ ടിയാന്റെ തന്നെ ടെണ്ടർ ഉറപ്പിക്കുകയും ചെയ്തു. ആദ്യ ടെണ്ടർ തന്നെ ഉറപ്പിച്ചിരുന്നുവെങ്കിൽ 9800/- രൂപ മിച്ചം ലഭിയ്ക്കുമായിരുന്നു.

ആദ്യ ടെണ്ടറിലെ ക്വോട്ട് ചെയ്ത നിരക്ക് 980000*11.10%=108780

റി-ഇ-ടെണ്ടറിലെ ക്വോട്ട് ചെയ്ത നിരക്ക് 980000*10.10% = 98980

------------

വ്യത്യാസം 9800/-

മേൽ പ്രകാരമുള്ള അപാകത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതും, സ്ഥാപനത്തിന്റെ താല്പര്യം സംരക്ഷിക്കപ്പെടാൻ മേലിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-7 പ്രവർത്തി പൂർത്തീകരണം അനുവദനീയമായ കാലത്തിനുശേഷം - ദീർഘീകരണകാലത്തെ പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ 2012 സെക്ഷൻ 2005 പ്രകാരം മരാമത്തിന്റെ പൂർത്തികരണ കാലാവധി ടെണ്ടർ ഷെഡ്യൂളിൽ വ്യക്തമാക്കേണ്ടതാണ്. ഇക്കാര്യം കരാറിൽ ഉൾപ്പെടുത്താതിരിക്കുന്നത് വീഴ്ചയായി കരുതുന്നു. സെക്ഷൻ 2112-1 പ്രകാരം ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തികരണ കാലവധിക്കുശേഷം നിർവ്വഹിച്ച പ്രവർത്തികളിന്മേൽ പിഴ ഈടാക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ പിഴ ഈടാക്കാതെ ബിൽ സെറ്റിൽ ചെയ്തതുമൂലം സ്ഥാപനത്തിന് ഉണ്ടായ നഷ്ടം ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി, നമ്പർ | ആകെ പ്രവൃത്തി മൂല്യം | കരാർ, പ്രവൃത്തി ഏറ്റെടുത്ത തിയ്യതി | കരാറുകാരൻ | എം.ബി. ചെക്ക് മെഷർ ചെയ്ത തിയ്യതി |
|---|---|---|---|---|---|
| 1 | രാജിവ്ജി ലിങ്ക് റോഡ് മെറ്റലിങ്ങ്& ടാറിങ്ങ് 13/17 | 231770 | 8/AE/15-16 dt.10-9-15 | പി.പി.ഗിരീഷ് | 432/15-16 29-3-17 |
| 2 | മൂപ്പിൽ റോഡ് മെറ്റലിങ്ങ്& ടാറിങ്ങ് 16/17 | 496025 | 9/AE/15-16 dt.24-8-15 | സി.വി.വർഗ്ഗീസ് | 363/15-16 6-4-16 |
| 3 | കാഞ്ഞാണി തച്ചംകുളം റോഡ് മെറ്റലിങ്ങ്& ടാറിങ്ങ് | 352889 | 16/AE/15-16 dt. 24-8-15 | സി.വി.വർഗ്ഗീസ് | 379/15-16 01-4-16 |
| 4 | തച്ചംകുളം കനാൽ ലിങ്ക് റോഡ് ഡ്രെയ്ൻ& | 251781 | 23/AE/15-16 dt.25-9-15 | ഉണ്ണികൃഷ്ണൻ | 448/15-16 18-5-16 |

| | | | | | |
|---|---|---|---|---|---|
| | കൾവർട്ട് 20/17 | | | | |
| 5 | സത്രം ശിവക്ഷേത്രം ലിങ്ക് റോഡ് ടാറിങ്ങ് 58/16 | 420794 | 12/AE/15-16 dt.3-9-15 | കെ.കെ.ഗൗതമൻ | 369/15-16 16-3-16 |
| 6 | പള്ളികുന്നത്ത് റോഡ് മെറ്റലിങ്ങ്& ടാറിങ്ങ് 42/17 | 414725 | 10/AE/15-16 dt. 15-9-15 | ഗിരീഷ്.എം.ആർ | 393/15-16 31-3-16 |

## 3-8 റോഡ് നിർമ്മാണ പ്രവൃത്തി ഭാഗികമായി അവസാനിപ്പിച്ചു

2014-15, 2015-16ൽ ഏറ്റെടുത്ത റോഡ് നിർമ്മാണ പ്രവൃത്തികൾ സോളിങ്ങ് വരെയുള്ള ഇനങ്ങൾ മാത്രം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്ന് കൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകിതെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും പിന്നീട് ടാറിങ്ങ് പ്രോജക്ട് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തികരിച്ച ഇനങ്ങൾ വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും ചെയ്യുന്നത് സാമ്പത്തിക നഷ്ടത്തിന് കാരണമാവുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ സോളിങ്ങ് മാത്രം നടത്തി അവസാനിപ്പിച്ച റോഡ് പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ചെലവ് തുക | കരാർ തിയ്യതി |
|---|---|---|---|
| 1 | ചുങ്കത്ത് ലൈൻ അംഗൻവാടി ഫില്ലിങ്ങ്&സോളിങ്ങ് | 281000 | 43/13-1-16 |

2016-2017 വർഷത്തിൽ മേൽ പറഞ്ഞ പ്രോജക്ട് നടപ്പാക്കിയതായും കാണുന്നില്ല. മരാമത്ത് പ്രവർത്തി ഭാഗികമായി ആസൂത്രണം ചെയ്യുന്നതിന് പകരം പൂർത്തികരണത്തിന് ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. (2015-16 മുതൽ വളരെ ഉയർന്ന നിരക്കുള്ള ഡൽഹി ഷെഡ്യൂൾ നിരക്കാണ് മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അവലംബിക്കുന്നത്).

## 3-9 ടാറിന്റെ വിലയിലെ ഏറ്റക്കുറച്ചിൽ - പെട്രോളിയം കമ്പനിയിൽ അധികം അടച്ച തുക 34454/- തിരിച്ചുപിടിക്കേണ്ടതാണ്

20 മരാമത്ത് പ്രവർത്തികൾക്ക് ആവശ്യമായ ടാറിന്റെ റിക്വയർമെന്റ് എ.ഇ. തയ്യാറാക്കിയതിൻ പ്രകാരം കുറവുചെയ്ത ഷെഡ്യൂൾ നിരക്കിലുള്ള ടാറിന്റെ വില ട്രഷറി വഴി പിൻവലിച്ച് (ട്രഷറി ബിൽ നം.14/16-17 dt.28/2/17 മുതൽ 33/16-17 dt.28-2-17 വരെ ആകെ രൂപ-1415973/-) സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിടുകയും ബിറ്റുമിൻ വാങ്ങുന്നതിനായി പെട്രോളിയം കമ്പനിക്ക് 1375703/- കൈമാറി. (Rs.1039600/- via. DD67731/27.2.17 : Rs.336103/- via RTGS SBT kanjani dt.4.3.17). എന്നാൽ കൈമാറിയ തുകയിൽ 1341249/- രൂപയുടെ ടാർ കമ്പനി ഇഷ്യൂ ചെയ്തിട്ടുണ്ട്. വിലയിലെ ഏറ്റക്കുറച്ചിൽ കാരണം പെട്രോളിയം കമ്പനിയിൽ അധികം സ്വരുപിക്കപ്പെട്ട തുക 34454/- തിരിച്ചുപിടിക്കേണ്ടതാണ്. കമ്പനിയിൽ അധികം സ്വരൂപിക്കപ്പെട്ട

തുക 34454/- തിരികെ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 മരാമത്ത് പ്രവർത്തികൾക്ക് വേണ്ടിയുള്ള മോണിറ്ററിങ്ങ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല

പദ്ധതി രൂപീകരണ വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മറ്റിയായി പ്രവർത്തിച്ച്, യോഗം ചേർന്ന് ഓരോ പ്രവർത്തിക്കും മോണിറ്ററിങ്ങ് പ്രവർത്തന പുരോഗതി റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും നല്കേണ്ടതും, ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തന പുരോഗതി ആരും തന്നെ മോണിറ്ററിങ്ങ് ചെയ്തതായി താഴെപറയുന്ന പ്രവർത്തികളുടെ ഫയലിൽ കാണുന്നില്ല.

| പ്രവർത്തി | കരാറുകാരൻ, കരാർ, സൈറ്റ് ഏറ്റെടുത്ത തിയ്യതി | ആകെ പ്രവൃത്തി മൂല്യം | എം.ബി. | ചെക്ക് മെഷർ ചെയ്ത തിയ്യതി |
|---|---|---|---|---|
| ഭൂമിക അംഗൻവാടിക്ക് നടപ്പാലം നിർമ്മാണം 27/16-17 | കെ.എ.കൊച്ചുമോൻ 46/AE/LSGD/15-16 /1-2-16 | 147646/- | 1/16-17 | 23-3-17 |
| അംഗൻവാടികൾ മെയിൻറനൻസ് 32/16-17 | സ്മിത 50/AE/LSGD/15-16 / 1-3-16 | 436193/- | 454/16-17 | 11-5-16 |
| കണ്ടശ്ശങ്കടവ് സ്കൂൾ മെയിൻറനൻസ് 38/16-17 | ഉണ്ണികൃഷ്ണൻ 49/AE/LSGD /15-16/ 5-2-16 | 328232/- | 455/16-17 | 2-5-16 |

മേൽ അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 സാക്ഷരത പ്രേരക് ഓണറേറിയം: സാക്ഷരത മിഷനിൽ നിന്നും ലഭ്യമാക്കേണ്ട തുക തിരികെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

സാക്ഷരത പ്രേരക് ശ്രീമതി സുഭാഷിണി.കെ.എ. എന്നിവർക്ക് അനുവദിച്ച ഓണറേറിയം സാക്ഷരത മിഷനിൽ നിന്ന് തിരികെ പഞ്ചായത്തിന് നൽകണം. ലഭ്യമായ വിവരങ്ങൾ പ്രകാരം ഓണറേറിയം ഇനത്തിൽ 3/2017 വരെ ചെലവഴിച്ച 62538/- രൂപയിൽ 34238/- രൂപ സാക്ഷരത മിഷനിൽ നിന്ന് ലഭിക്കാനുണ്ട്. സാക്ഷരത മിഷനിൽ നിന്ന് ഇതുവരെ ലഭിക്കേണ്ട തുക, ലഭിച്ച തുക എന്നിവ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ ആധികാരികമാക്കേണ്ടതാണ്.

## 3-12 തെരുവ് വിളക്കുകൾ - മീറ്ററിങ്ങ് സമ്പ്രദായത്തിലേക്ക് മാറ്റണം

പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകൾ പൂർണ്ണമായും മീറ്ററിങ്ങ് സമ്പ്രദായത്തിലേക്ക് മാറിയിട്ടില്ല. കൂടാതെ തെരുവ് വിളക്കുകളുടെ എണ്ണത്തെക്കുറിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുമില്ല. വിളക്കുകളുടെ കരമടവാക്കിയ ഇനത്തിൽ തൻ വർഷത്തിൽ 1133962/- രൂപയുടെ

ചെലവ് വന്നിരിക്കുന്ന സാഹചര്യത്തിൽ മീറ്റർ സമ്പ്രദായത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ എത്രയും വേഗത്തിൽ പൂർത്തിയാക്കേണ്ടതാണ്.

## 3-13 ഡെപ്പോസിറ്റിന് നൽകിയ തുക - വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | സ്ട്രീറ്റ് ടാപ്പ് സ്ഥാപിക്കുന്നതിന് ലൈൻ നീട്ടൽ | ട്രഷറി ബിൽ നം. 24/16-17<br>തിയ്യതി:24-02-17<br>ട്രഷറി ബിൽ നം. 30/16-17<br>തിയ്യതി:27-02-17 | 3,00,000 | 31-03-2017-ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈനിനു വേണ്ടി ലൈൻ നീട്ടൽ | ട്രഷറി ബിൽ നം. 29/16-17<br>തിയ്യതി:31-03-17 | 3,93,699 | 31-03-2017-ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈനിനു വേണ്ടി ലൈൻ നീട്ടൽ | ചെക്ക് നമ്പർ: 686149<br>തിയ്യതി:27-10-16 | 33320 | 31-03-2017-ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| പി.ഡബ്ള്യൂ.ഡി. ഇലക്ട്രോണിക്സ്, ചെമ്പൂക്കാവ് | ഖര മലിന്യ സംസ്കരണം | ട്രഷറി ബിൽ നം. 05/16-17<br>തിയ്യതി:31-08-16 | 166000 | 31-03-2017-ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ആകെ | | | 893019 | |

8,93,019/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,70,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 2,70,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 2,70,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 2,70,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | സ്ട്രീറ്റ് ടാപ്പ് സ്ഥാപിക്കുന്നതിന് ലൈൻ നീട്ടൽ | ട്രഷറി ബിൽ നം.24/16-17 തിയ്യതി. 24-02-17 ട്രഷറി ബിൽ നം. 30/16-17 തിയ്യതി.27-02-17 | 3,00,000/- | 31-03-2017-ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈനിനു വേണ്ടി ലൈൻ നീട്ടൽ | ട്രഷറി ബിൽ നം. 29/16-17 തിയ്യതി.31-03-17 | 3,93,699 | 31-03-2017-ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈനിനു വേണ്ടി ലൈൻ നീട്ടൽ | ചെക്ക് നമ്പർ 686149 തിയ്യതി.27-10-16 | 33320 | 31-03-2017-ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| പി.ഡബ്ല്യൂ.ഡി. ഇലക്ട്രോണിക്സ്, ചെമ്പൂക്കാവ് | ഖര മാലിന്യ സംസ്കരണം | ട്രഷറി ബിൽ നം.05/16-17 തിയ്യതി.31-08-16 | 166000 | 31-03-2017-ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ആകെ | | | 893019 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹2,80,000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷത്തിൽ എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണം പദ്ധതി | സർക്കാർ ഉത്തരവ് 800/2010 /ത.സ്വ.ഭ.വ. തിയ്യതി. 09.03.2010 | 50,12,250+ 1,00,000= 51,12,250 | 9,20,157 | 0 | 0 | 0 | 9,20,157 |
| കുടിൽ രഹിത ഗ്രാമം | സർക്കാർ ഉത്തരവ് 2133/ ഡി.ബി. 1/15/ ത.സ്വ.ഭ.വ. തിയ്യതി. 16.02.2015 | 1,00,00,000 | 84,00,000 | 2,80,000 | 10,00,000 | 7,10,892 | 76,80,000 |
| ആകെ | | | | | | | 86,00,157 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,48,15,194 |
| തൻവർഷം നിക്ഷേപിച്ച തുക | 7,00,000 |
| ആകെ | 1,55,15,194 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (പലിശ സഹിതം) | 1,65,45,761 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ജി.ബി. അന്തിക്കാട് ശാഖ-40320201300086 | 10,33,045 |
| കെ.ജി.ബി. അന്തിക്കാട് ശാഖ-40320201300085 | 10,33,045 |
| കെ.ജി.ബി. അന്തിക്കാട് ശാഖ-40320200110352 | 45,83,071 |
| കെ.ജി.ബി. അന്തിക്കാട് ശാഖ-40320200110353 | 11,38,034 |
| കെ.ജി.ബി. അന്തിക്കാട് ശാഖ-40320200110543 | 11,17,713 |

| | |
|---|---|
| കെ.ജി.ബി. അന്തിക്കാട് ശാഖ-40320200110188 | 6,72,768 |
| കെ.ജി.ബി. അന്തിക്കാട് ശാഖ-40320201200168 | 9,93,479 |
| കെ.ജി.ബി. അന്തിക്കാട് ശാഖ-40320201200090 | 10,80,116 |
| കെ.ജി.ബി. അന്തിക്കാട് ശാഖ-40320201500241 | 16,73,426 |
| കാരമുക്ക് സർവ്വീസ് സൊസൈറ്റി 408240 തിയ്യതി:08-06-15 | 25,00,000 |
| കനറാ ബാങ്ക് കണ്ടശ്ശാംകടവ് ശാഖ 248882 | 1,064 |
| ടി.സി.ആർ.സ്പിന്നിങ്ങ് മിൽ സർട്ടിഫിക്കറ്റ് നം:68/05-07-2001 | 20,000 |
| കാരമുക്ക് സർവ്വീസ് സൊസൈറ്റി 421732 തിയ്യതി:17-08-16 | 7,00,000 |
| ആകെ | 16545761 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4767/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ |
|---|---|---|---|---|
| 2012-13 | 2.3 | 51070 | ആന്റോ, തെക്കത്ത് | 11614100314 തിയ്യതി:12-04-16 |
| 2013-14 | 2.4 | 50 | ഇ.എസ്.സുരേഷ്ബാബു, സുഷിത ക്ലിനിക്കൽ ലാബ് | 11614100077 തിയ്യതി:04-04-16 |
| 2013-14 | 2.4 | 50 | ലീന കുര്യൻ, നിധിൻ മെഡിക്കൽ ലാബ് | 11614100422 തിയ്യതി:19-04-16 |
| ആകെ | | 51170 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | |
| 1999-2000 മുതൽ 2001-2002 വരെ | 4 | 2004-05 | 4 | 99-2000 മുതൽ 2001-2002 വരെയുള്ള 42 മരാമത്ത് ബില്ലുകളുടെ ഓഡിറ്റിൽ ആകെ 195764/- രൂപ മണ്ണ് വില അധികം നൽകിയതായി കണ്ടെത്തിയത് | തടസ്സം ഒഴിവാക്കാൻ സർക്കാരിനോടും ഓഡിറ്റ് വകുപ്പിനോടും അപേക്ഷിച്ചിട്ടുണ്ട്. |
| 2006-07 | 3-4 | 2010-11 | 5.6.5 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും വനിതാ വ്യവസായ കേന്ദ്രം, റോഡ് നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | റോഡ് നിർമ്മാണത്തിന് നൽകിയ അഡ്വാൻസ് കൺവീനറിൽ നിന്നും തിരികെ ഈടാക്കി. വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം പൂർത്തിയാക്കി സർക്കാർ ഉത്തരവ് പ്രകാരം മണലൂർ ഐ.ടി.ഐ.ക്ക് വിട്ടു നൽകി. തടസ്സം ഒഴിവാക്കാൻ അപേക്ഷിച്ചിട്ടുണ്ട്. |
| | | 2013-14 | 5.3.5 | എസ്.സി. വ്യവസായ കേന്ദ്രത്തിന് കെട്ടിടം, പാളപാത്ര നിർമ്മാണത്തിനുള്ള യന്ത്രങ്ങൾ എന്നിവക്കായി ആകെ 28,66,124/- രൂപ ചെലവഴിച്ചെങ്കിലും കെട്ടിടം, യന്ത്രങ്ങൾ എന്നിവ നാളിതുവരെ ഉപയോഗിക്കാതെ നശിച്ചു കൊണ്ടിരിക്കുന്നു. | 2014-15-ൽ 69,000/- രൂപ ചെലവഴിച്ച് യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തുകയും അസംസ്കൃത വസ്തുവായ പാള വാങ്ങുകയും ചെയ്യുവെങ്കിലും നിലവിൽ പ്രവൃത്തിയോട് താല്പര്യമുള്ള വനിതകളില്ലാത്തതിനാൽ സ്ഥാപനം പ്രവർത്തിക്കുന്നില്ല. |

| | | | | | |
|---|---|---|---|---|---|
| | | 2014-15 | 5.7.2 | മൃഗ സംരക്ഷണ മേഖലയിലെ ചെലവഴിക്കലുകൾ തൃപ്തികരമല്ല. | മണലൂർ ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങൾ മൺസൂൺ കാലത്ത് വെള്ളക്കെട്ടുള്ളതാണ്. ആയതിനാലാണ് കോഴി, ആട്, മുയൽ എന്നിവയെ അട്ടുക്കളമുറ്റത്ത് വളർത്തുന്നതിനായി വിതരണം ചെയ്തത്. താറാവ്, പോത്ത് വളർത്തൽ എന്നിവയ്ക്ക് വകുപ്പ് മുഖേന, ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി ധനസഹായം ചെയ്തുവരുന്നു. |
| | | 2014-15 | 5.7.9 | മൃഗാശുപത്രികളിൽ മരുന്നുകൾ അപര്യാപ്തം | വർക്കിങ്ങ് ഗ്രൂപ്പിന്റെ നിർദ്ദേശ പ്രകാരമാണ് പദ്ധതിക്ക് ഫണ്ട് വെച്ചത്, 2015-16 കൂടുതൽ തുക മരുന്ന് വകയിരുത്തുകയും, സൗജന്യമായി മൃഗാശുപത്രി മുഖേന വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. |
| | | 2014-15 | 5.7.10 | പടർന്ന് പിടിയ്ക്കുന്ന കുളമ്പ് രോഗം | മൃഗാശുപത്രിയിൽ നിന്നു മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ, പ്രതിരോധ കുത്തിവെയ്പ് നടത്തിയും, വൈദ്യസഹായമെത്തിച്ചും, രോഗം നിയന്ത്രണ വിധേയമാക്കി, തുടർന്നും പകർച്ചവ്യാധികൾ തടയുന്നതിന് പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ച് വരുന്നു. |
| | | 2014-15 | 5.7.12 | കാലിത്തീറ്റയുടെ വില വർദ്ധനവ് കാരണം പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല | കാലിത്തീറ്റയുടെ വില വർദ്ധനവ് കാരണം, സബ്സിഡി തുക മതിയാകാതെ വരുമ്പോഴാണ് പദ്ധതി കാലാവധി കുറയുന്നത്. |
| | | 2014-15 | 5.7.12 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ വിനിയോഗിയ്ക്കാത്ത കോടികൾ | എസ്.എൽ.ബി.പി. ജില്ലാ ഓഫീസർക്ക് ഇതു സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്. |
| | | 2014-15 | 5.7.12 | പദ്ധതി പൂർത്തീകരിച്ചിട്ടില്ല | എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് ഇതു സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,48,11,882 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,77,20,847 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,58,019 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1,65,000 | ശ്രീമതി.എം.വിജയലക്ഷ്മി, സെക്രട്ടറി |
| 3-14 | 8,93,019 | ശ്രീമതി.എം.വിജയലക്ഷ്മി, സെക്രട്ടറി |
| ആകെ | 10,58,019 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.(എസ്.2) 1637/11 തി.15.07.11 |
| 85-86 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 86-87, 87-88 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 88-89, 89-90 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 90-91 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 91-92 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 92-93, 93-94 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 94-95, 95-96 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 96-97 | എൽ.എഫ്.ടി-13-758/98 തി.24.10.98/31.12.98. |

| | |
|---|---|
| 97-98<br>ചെലവ് | എൽ.എഫ്.ടി-15-188/01 തി.17.04.01/06.06.01. |
| 97-98 വരവ് | എൽ.എഫ്.ടി-15-1549/98 തി.31.05.99/06.10.99 |
| 98-99<br>വരവ് ചെലവ് | എൽ.എഫ്.ടി-15-624/04 തി.27.11.04/11.01.05. |
| 99-00 വരവ് ചെലവ് | എൽ.എഫ്.ടി.15-625/04 തി.27.11.04/11.01.05. |
| 00-01 വരവ് ചെലവ് | എൽ.എഫ്.ടി.15-1546/05 തി.17.01.06/17.07.06. |
| 99-00<br>01-02 വരെ<br>പ്ലാൻ | എൽ.എഫ്.ടി.15-1249/03 തി.20.02.04. |
| 01-02<br>വരവ് ചെലവ് | എൽ.എഫ്.ടി-1547/05 തി.18.01.06/14.08.06 |
| 02-03 വരവ് ചെലവ് | എൽ.എഫ്.ടി-15-1919/06 തി.15.03.07/16.10.07 |
| 03-04 വരവ് ചെലവ് | എൽ.എഫ്.ടി.15-1389/08 തി.03.08.09. |
| 04-05 വരവ് ചെലവ് | എൽ.എഫ്.ടി.15-1390/08 തി.03.08.09 |
| 05-06 വരവ് ചെലവ് | എൽ.എഫ്.ടി.15-1603/09 തി.18.08.10 |
| 06-07വരവ് ചെലവ് | എൽ.എഫ്.ടി.15-1604/09 തി.19.08.10/31.01.11 |
| 07-08 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)- 1607/11 തി. 08.03.12 |
| 08-09 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)-1608/11 തി.09.03.12/12.06.12 |
| 09-10,<br>10-11 | എൽ.എഫ്.ടി.(പി.2) 1600/12 തി.24.11.12/02.03.13. |
| 11-12 | എൽ.എഫ്.ടി.(പി.3) 1676/13 തി.03.04.14/ 07.08.14 |
| 12-13 | എൽ.എഫ്.ടി.(പി.2)-1701/14 തി.01.11.14/10.06.15. |
| 13-14 | കെ.എസ്.എ.-ടിഎസ്.ആർ.(പി.2)1689/15 തീ.22/12/15 |
| 2014-15 | കെ.എസ്.എ.-ടി.എസ്.ആർ.(പി.2)1196/16 തീ.22/07/2016 |
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(പി.2)40/17<br>തീ.30-01-2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.-ടി.എസ്.ആർ(പി.2)1717/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
ഫോൺ- 0487 2331249
e-mail: dotsr.ksad@kerala.gov.in

തീയതി: 30/11/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No. KSA-TSR/(P2)1717/2017

Kerala State Audit Department,
District Audit Office, Thrissur,
PIN- 680 020
Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 30/11/17

## AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Manalur Gramapanchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Manalur Grama Panchayat for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,
Thrissur